(ഇ) ഉണ്ട്.

(എഫ്) ക്രൈം നമ്പർ 474/സി.ആർ./04-ലെ ഒന്നാം പ്രതി അബ്ദുൾ കരീം, നാലാം പ്രതി ഷംസുദ്ദീൻ (ഷംസു അഥവാ തമ്പി) എന്നീ രണ്ടുപേരെ കോഴിക്കോട് ജെ.എഫ്.എം.സി. 4-ൽ ഹാജരാക്കിയിട്ടുള്ളതും ബഹു. കോടതി റിമാന്റിൽ പാർപ്പിച്ചിട്ടുള്ളതും ആകുന്നു.

ഹവാല പണവും പ്രത്യാഘാതങ്ങളും

31 [3082] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേയ്ക്ക് എത്തുന്ന ഹവാല പണം സംബന്ധിച്ച വാർത്തകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ എത്ര കോടി രൂപയുടെ ഹവാല പണം സംസ്ഥാനത്ത് എത്തിയിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് എത്തുന്ന ഹവാല പണത്തിന്റെ ഉറവിടവും ഇതിന്റെ വിനിയോഗവും സംബന്ധിച്ച് ലഭ്യമായിട്ടുള്ള വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഹവാല ഇടപാടുകളിൽ പ്രതികളായി കണ്ടെത്തിയിട്ടുള്ളവർ ആരെല്ലാം;

(ഇ) ഇതിൽ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്ത് എത്തുന്ന ഹവാല പണം ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 504 കോടി രൂപ.

(സി) അന്വേഷണം പൂർത്തിയായിട്ടില്ല.

(ഡി) ക്രൈം നമ്പർ 313/സി.ആർ.03-ൽ 6 പേർ

1. എൻ. സുൾഫിക്കർ
2. എം. ഹസ്സൻ
3. മൊയ്തീൻകുട്ടി ഹാജി
4. കെ. ശ്രീനിവാസൻ
5. പി. സുലൈമാൻ
6. ഫസപുൽ റഹ്മാൻ

ക്രൈം 474/സി.ആർ./04-ൽ 4 പേർ

1. വി. അബ്ദുൾ കരിം
2. നസീർ എന്ന അബ്ദുൾ ലത്തീഫ്
3. ജയപ്രകാശ്
4. ഷംസുദ്ദീൻ @ ഷംസു @ തമ്പി

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(എഫ്) പ്രത്യാഘാതങ്ങൾ അറിവായിട്ടില്ല.

ഹവാലയുടെ പേരിലുള്ള പോലീസ് പീഡനം

32 [3083] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹവാല കേസിന്റെ പേരുപറഞ്ഞ് പോലീസ് കരുനാഗപ്പള്ളിയിലെ ഗൾഫ് മലയാളികളേയും വസ്തു ഇടപാടുകാരേയും പീഡിപ്പിക്കുന്ന കാര്യം അന്വേഷിക്കുമോ;

(ബി) പോലീസിലെ പ്രത്യേക വിഭാഗത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിജിലൻസ് വകുപ്പിനെക്കൊണ്ട് അന്വേഷിപ്പിക്കുമോ?

ഉത്തരം

(എ) ഹവാല കേസിന്റെ പേരുപറഞ്ഞ് പോലീസ് ആരെയും പീഡിപ്പിച്ചിട്ടില്ല.

(ബി) പോലീസിലെ ഏതെങ്കിലും ഒരു വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ കുറിച്ച് വിജിലൻസ് അന്വേഷണം നടത്തേണ്ടതിന്റെ ആവശ്യമില്ല. പ്രസ്തുത വിഭാഗങ്ങൾ നിയമപ്രകാരമാണ് പ്രവർത്തിച്ചുവരുന്നത്. എന്നാൽ ഇതിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പേരിൽ അഴിമതി ആരോപണങ്ങളോ മറ്റോ ഉണ്ടായാൽ അവ നിരീക്ഷിച്ച് ആവശ്യമാണെങ്കിൽ വിജിലൻസിന് അന്വേഷണത്തിനായി കൈമാറുകയും ചെയ്തുവരുന്നു.

വനിതാ സബ് ഇൻസ്പെക്ടർമാരുടെ നിയമനം

33 [3084] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ സംസ്ഥാന പോലീസിൽ വനിതാ സബ് ഇൻസ്പെക്ടർമാരെ നേരിട്ട് നിയമിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) ജനസംഖ്യയുടെ പകുതിയിലധികം സ്ത്രീകൾ ഉണ്ടായിട്ടും, മറ്റ് സംസ്ഥാനങ്ങളിലൊക്കെ ഈ തസ്തികയിലേക്ക് വനിതകളെ നേരിട്ട് നിയമിച്ചിട്ടും, കേരളത്തിൽ മാത്രം വനിതാ സബ് ഇൻസ്പെക്ടർമാരെ നേരിട്ട് നിയമിക്കാത്തത് സ്ത്രീകളോട് കാണിക്കുന്ന വിവേചനമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തമിഴ്നാട് പോലെയുള്ള സംസ്ഥാനങ്ങളെ മാതൃകയാക്കി കേരളത്തിലും വനിതാ സബ് ഇൻസ്പെക്ടർമാരെ നേരിട്ട് നിയമിക്കണമെന്ന് കേരള വനിതാ കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly